**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ,   തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490   ഫാക്സ്: 0471 2303025  /  2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ റിതു എൻ (Dr Rithu N, PEN 995026) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. DMOH-KNR/4013/2024-A1 തീയതി 08.07.2024

2 ഡോ റിതു എൻ സമർപ്പിച്ച അപേക്ഷ തീയതി 24.12.2024

3. ഉത്തരവ് നം ഇഎ2-756/2025/ഡിഎച്ച്എസ് തീയതി 15.01.2025

4. DMOH-TSR/620/2025-A1 തീയതി. 24.01.2025

5. ഡോ റിതു എൻ സമർപ്പിച്ച അപേക്ഷ തീയതി 11.02.2025

6. കാരണം കാണിക്കൽ നോട്ടീസ് നം DHS/28362/2025-EA4 തീയതി. 11.12.2025

7. ഡോ റിതു എൻ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. DHS/28362/2025-EA4 തീയതി. 20-01-2026**

ഡോ റിതു എൻ (Dr Rithu N, PEN 995026) 06.05.2024 ന് സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ കൊട്ടിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ 07.05.2024 മുതൽ 22.01.2025 വരെ നിർബന്ധിത ബോണ്ടഡ് സേവനത്തിന്റെ ഭാഗമായുള്ള സീനിയർ റസിഡൻസിയ്ക്കായി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. സീനിയർ റസിഡൻസി കാലയളവിനുശേഷം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് പരാമാർശം

(2) പ്രകാരം ഡോ റിതു എൻ അപേക്ഷ സമർപ്പിച്ചതിനാൽ പരാമർശം (3) പ്രകാരം തൃശ്ശൂർ കുന്നംകുളം താലൂക്കാശുപത്രിയിലെ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവായിരുന്നു. കുടംബപരമായ കാരണങ്ങളാൽ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് കഴിയുകയില്ലെന്ന് ഡോ റിതു എൻ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിരുന്നു. 23.01. 2 0 2 5 ന് ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിന് പരാമർശം (3) ലെ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്. ടി സാഹചര്യത്തിൽ 23.01.2025 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പരാമർശം (7) പ്രകാരം ഡോ ഡോ റിതു എൻ മറുപടി സമർപ്പിച്ചു. ഭർത്താവ് ചെന്നൈയിലാണ് ജോലി ചെയ്യുന്നതിനാലും വിദഗ്ധ ഇൻഫെർട്ടിലിറ്റി ചികിത്സയ്ക്കായി ചെന്നൈയിലായി പോയതിനാലാണ് കുന്നംകുളം താലൂക്കാശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാത്തതെന്നും 23.01.2025 ന് വന്ന് ജോലിയിൽ പ്രവേശിക്കാനാവാത്ത അവസ്ഥയാണ് ഉള്ളതെന്നും ആരോഗ്യ വകുപ്പിൽ തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ താല്പര്യപ്പെടുന്നതായും നിലവിൽ ഗർഭിണി ആയതിനാൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്നും ഒഴിവാക്കി പാലക്കാട്ടെയോ തൃശ്ശൂരിലേയോ ഏതെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നൽകണമെന്നും നിയമനോത്തരവ് കിട്ടിയാൽ ഉടൻ തന്നെ ജോലിയിൽ പ്രവേശിക്കുവാൻ തയ്യാറാണെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്നു.

(2). ഡോ റിതു എൻ സമർപ്പിച്ച പരാമർശം (7) ലെ അപേക്ഷ വിശദമായി പരിശോധിച്ചു. സീനിയർ റസിഡൻസി കാലയളവിനുശേഷം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് പരാമാർശം (2) പ്രകാരം ഡോ റിതു എൻ അപേക്ഷ സമർപ്പിച്ചതിനാൽ പരാമർശം (3) പ്രകാരം തൃശ്ശൂർ കുന്നംകുളം താലൂക്കാശുപത്രിയിലെ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവായിരുന്നെങ്കിലും നിയമനാധികാരിയായ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പാലിക്കുന്നതിന് ടിയാൾ തയ്യാറായിരുന്നില്ല. വ്യക്തി പരമായ കാരണങ്ങളാൽ സേവനത്തിൽ നിന്നും മാറി നിൽക്കേണ്ടതുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച ശേഷം അവധി അപേക്ഷ സമർപ്പിച്ച് അവധി അനുവദിക്കുന്നമുറയ്ക്ക് അവധിയിൽ പ്രവേശിക്കാമെന്നിരിക്കെ ടിയാൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണുണ്ടായത്. പുനർ നിയമനം നൽകുമ്പോൾ

കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമിക്കണമെന്നും ടിയാൾ അപേക്ഷിച്ചിരിക്കുന്നു. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ ഡോ റിതു എൻ സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ **23.01.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ റിതു എൻ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ റിതു എൻ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 20-01-2026 18:38:50

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Rithu N,**
**Sraavanam(H), Karakurissi (PO),**
**Palakkad- 678595**

പകർപ്പ്,

**1.** അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കണ്ണൂർ / തൃശ്ശൂർ.

**3.** സൂപ്രണ്ട്,
താലൂക്കാശുപത്രി കുന്നംകുളം, തൃശ്ശൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4.മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

പ്രാഥമികാരോഗ്യകേന്ദ്രം കൊട്ടിയൂർ കണ്ണൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

6. ഫയൽ

.